**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **08-10-2024 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന് പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതും മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂൾ കെട്ടിട നിർമ്മാണത്തിനു 26.02.2021 ൽ കിഫ്ബി 2,96,23,051/- രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ DSR 2018, GST റിവിഷൻ എന്നിവ പരിഗണിച്ച് 26.06.2023 ൽ കിഫ്ബി ധനാനുമതി 3,79,98,040/- രൂപയായി പുതുക്കി നൽകുകയുണ്ടായി. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കില സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് നൽകാനുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നതായി കില അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ? | (ബി) | കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകി എസ്.പി.വി യും കരാറുകാരനും തമ്മിൽ കരാർ വെച്ച ശേഷം പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ